കേസ് രജിസ്റ്റർ ചെയ്ത രാഷ്ട്രീയ കൊലപാതകങ്ങൾ

26(305) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ കേരളത്തിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എവിടെയൊക്കെ എത്ര പേർ മരിച്ചുവെന്നും മരിച്ചവർ ഏതൊക്കെ രാഷ്ട്രീയ പാർട്ടിയുടെ ആൾക്കാരാണെന്നും, ജില്ലയും പോലീസ് സ്റ്റേഷനും സഹിതം വിശദമാക്കുമോ;

(ബി) രാഷ്ട്രീയ കൊലപാതകത്തിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് പോലീസ് സ്റ്റേഷൻ സഹിതം വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 51 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി	-	1
കൊല്ലം	-	3
ആലപ്പുഴ	-	2
തൃശ്ശൂർ	-	13
പാലക്കാട്	-	4
കണ്ണൂർ	-	28

ഇവയുമായി ബന്ധപ്പെട്ട് 49 കേസ്സുകൾ രജിസ്റ്റർ ചെയ്തു രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ, മരിച്ചവരുടെ രാഷ്ട്രീയ ബന്ധം പോലീസ് സ്റ്റേഷൻ, ജില്ല എന്നിവ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

രാഷ്ട്രീയ കൊലപാതകങ്ങൾ

27 (306) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) കൊലപാതക കേസ്സുകളിൽ എത്ര എണ്ണത്തിൽ കുറ്റവാളികളെ കണ്ടെത്തി അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കൊലപാതക കേസ്സുകളിൽ കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പുനരന്വേഷണം നടത്തിയിട്ടുണ്ടെന്നറിയിക്കുമോ;

(ഇ) പ്രസ്തുത കേസ്സുകളിലെ അന്വേഷണ പുരോഗതിയെക്കുറിച്ച് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly